LIBRARY ARCHIVES Kerala Legislative Assembly

കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്

145 (2979) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവുമൂലം കർഷകർക്ക് ഉണ്ടായ ദുരിതങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റുകളിൽ തുക നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷത്തേയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയും ചെലവഴിച്ച തുകയും എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് പ്രധാനമായും നേരിട്ടത് റബ്ബറിനാണ്. റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ റബ്ബർ സംഭരണവും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. ഇതിന് പുറമേ നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി പച്ചനാളികേര സംഭരണ പദ്ധതിയും നെല്ലിന് ന്യായവില ലഭിക്കുന്നതിന് നെല്ലുസംഭരണ പദ്ധതിയും നടപ്പിലാക്കി.

(ബി) ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റുകളിൽ വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതിക്കായി തുക നീക്കിവച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽനിന്നും വിലയിടിവ് പരിഹരിക്കുന്നതിനുള്ള തുക ചെലവഴിച്ചിട്ടുണ്ട്.

വർഷം	പദ്ധതി	നീക്കിവച്ച തുക (ലക്ഷം രൂപ)	ചെലവഴിച്ച തുക (ലക്ഷം രൂപ)
2012-13	പച്ചനാളികേര സംഭരണ പദ്ധതി	2100.00	2100.00
2013-14	റബ്ബർ സംഭരണം	400.00	400.00
2014-15	പച്ചനാളികേര സംഭരണ പദ്ധതി	244.25	244.25
2014-15	റബ്ബർ സംഭരണം	1200.00	1200.00
2015-16	പച്ചനാളികേര സംഭരണ പദ്ധതി	1000.00	1000.00

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ 17-2-2016 വരെ 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക സഹായം ലഭിച്ചിട്ടില്ല.

കാർഷിക ഉത്പന്നങ്ങളുടെ താങ്ങുവില

146 (2980) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) റബ്ബറിന് താങ്ങുവില നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എത്ര തുക നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2015-16-ൽ റബ്ബർ വിലയിടിവിന് പരിഹാരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കിലോയ്ക്ക് 150 രൂപ നിരക്കിൽ റബ്ബറിന് താങ്ങുവില കണക്കാക്കി കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. നെല്ലിന്റെ താങ്ങുവില 2015-16 സീസണിൽ കിലോയ്ക്ക് 14.10 രൂപ നിരക്കിൽ കേന്ദ്രസർക്കാർ ഉയർത്തിയിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില 2016 സീസണിൽ വർദ്ധിപ്പിച്ചുകൊണ്ട് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5950 രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 6240 രൂപയുമാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ നിശ്ചിത നിരക്കിൽ തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെ നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി പച്ചനാളികേര സംഭരണ പദ്ധതിയും നെല്ലിന് ന്യായവില ലഭിക്കുന്നതിന് നെല്ലുസംഭരണ പദ്ധതിയും നടപ്പിലാക്കി.

7-11-2015 തീയതിയിലെ സർക്കാർ ഉത്തരവ് സ. ഉ. (എംഎസ്.) നമ്പർ 34/2015/ഭ.സി.സ.വ. പ്രകാരം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 19 രൂപയിൽനിന്നും 21.50 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly